# ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി

## യോഹന്നാൻ 06:29

യേശു അവരോടു: “ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ വിശ്വസിക്കുന്നതത്രേ” എന്നുത്തരം പറഞ്ഞു.

ദൈവപ്രസാദം പിടിച്ചുപറ്റേണ്ടതിന്നു തങ്ങൾ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടത് എന്നുള്ള ജനങ്ങളുടെ ചോദ്യത്തിന്നു യേശു മറുപടി പറയുകയാണിവിടെ. ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ വിശ്വസിക്കുന്നതത്രേ. അതെ, അതു മാത്രമാണ് നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യമെന്നു പറയുന്നത്. കർത്താവിലുള്ള സ്ഥിരവിശ്വാസം മാത്രമേ നമ്മെ രക്ഷിക്കാനുതകൂ, അതും നമ്മുടെ യാതൊരുവിധമായ ഗുണഗണങ്ങളും നോക്കിയല്ല, ദൈവകൃപയത്രേയാകുന്നു. എന്നാൽ ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിൽ, ഒരുവൻ രക്ഷ നേടണമെങ്കിൽ വിശ്വാസം മാത്രം പോര പ്രവൃത്തികൂടി കണക്കിട്ടേ അവനെ രക്ഷാ മാർഗ്ഗത്തിലേക്കു നയിക്കൂ എന്നുള്ള ചില പഠിപ്പിക്കലുകളൊക്കെ നാം കേൾക്കുന്നുണ്ട്. വാസ്തവത്തിൽ അതു വെറും തെറ്റായ കാര്യമാണ്. കാരണം എഫേസ്യർ 2:8-9 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു “കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.” നാം ചെയ്യുന്ന പ്രവൃത്തികളൊന്നും നമ്മെ രക്ഷയിലേക്കു നയിക്കാൻ ഉതകുന്നതല്ല. എന്നാൽ വിശ്വാസം ഉള്ളതു കൊണ്ട് പ്രവൃത്തി വേണ്ടെന്നുമല്ല. വിശ്വാസത്താലുളവകുന്ന പ്രവൃത്തി നമ്മുടെ ജീവിതത്തിൽ നിന്നു ഉരുത്തിരിഞ്ഞു വരേണ്ടതാകുന്നു. ഇല്ലെങ്കിൽ വചനം പറയുന്നു, “പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു” എന്ന്.

കാൽവറിയിൽ കർത്താവ് ക്രൂശിലേറിയപ്പോൾ അവൻ നമ്മുടെ സകലപാപത്തിന്നും പരിഹാരയാഗമായി, നമുക്കു വേണ്ടി തന്റെ സ്വന്ത രക്തമാണ് വിലയായി നൽകിയത്. അവിടെ നാം രക്ഷ നേടിയതിന്നു നമ്മുടെ ആരുടെയെങ്കിലും ഒരു മേന്മയും നമുക്കാർക്കും പറയുവാനില്ല. 1 പത്രോസ് 1:18-19 വാക്യങ്ങളിൽ ഇപ്രകാരം വായിക്കുന്നു, “വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു

നിങ്ങൾ അറിയുന്നുവല്ലോ.” ആയതിനാൽ കർത്താവായ യേശുക്രിസ്തു, സകലമനുഷ്യരുടെയും എല്ലാവിധമായ പാപങ്ങൾക്കുമുള്ള പാപപരിഹാരം പിതാവിന്റെ സന്നിധിയിൽ തന്റെ രക്തം വിലയായി നൽകുക വഴി, നമുക്ക് നൽകിയ വലിയ ദാനമായി നിലനിൽക്കുന്നു. ഇന്നു നാം ഈ കർത്താവിലും അവന്റെ ആ ദാനപ്രവൃത്തിയിലും വിശ്വസിക്കുക വഴി നമുക്ക് രക്ഷ കൈവന്നിരിക്കുന്നു.

യോഹന്നാൻ 3:16 ൽ ഇപ്രകാരം വായിക്കുന്നു, “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു, അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു” എന്ന്. അങ്ങനെയെങ്കിൽ ആ ദൈവസ്നേഹത്തെ തിരിച്ചറിഞ്ഞ് അവൻ അയച്ചവനായ ക്രിസ്തുവിൽ വിശ്വസിക്കുകയും അതുവഴി അവന്റെ കൃപയാൽ അവൻ ദാനമായി നൽകിത്തന്ന രക്ഷാ മാർഗ്ഗത്തിലേക്കു പ്രവേശിക്കുകയും ചെയ്യാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

യോഹന്നാൻ 5:24

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 114